# 7

## സഭ:

# അതു ചേരേണ്ടതാണോ?

**പ്രശ്നം**

1. **സഭയിൽ ചേരുന്നതായ ഒരു മാതൃകയോ കല്പനയോ പുതിയ നിയമത്തിൽ ഉണ്ടോ?**
   a. അങ്ങനെ എങ്കിൽ, എവിടെ? ഇല്ലെങ്കിൽ, ഒരാൾക്കു തിരുവെഴുത്തിൻ പ്രകാരം സഭയിലേക്കു ചേരുവാൻ കഴിയുമോ?
   b. ഒരാൾക്കു കർത്താവിനെ എങ്ങനെ അറിയുവാൻ കഴിയും (1 യോഹ. 2:3, 4)?
   c. മാതൃകകളുടെ ഉദ്ദേശം എന്താണ് (1 പത്രൊ. 2:21)? ഏതു പരിധിവരെ അവയെ അനുകരിക്കാം (1 കൊരി. 4:6)?
   d. മാതൃകയാലോ കല്പനയാലോ സഭയിലേക്കു ചേരുവാൻ കഴിയുമോ?
2. **"ശിഷ്യന്മാരോടു ചേരുവാൻ" പൗലൊസ് ആഗ്രഹിച്ചതു വിവരിക്കുക (പ്രവൃത്തികൾ 9:26)?**
   a. പൗലൊസ് യെരുശലേം സഭയിലേക്കു ചേരുവാൻ ആഗ്രഹിച്ചോ?
   b. എപ്പോഴാണ് പൗലൊസ് സഭയിലെ അംഗമായി തീർന്നതു (പ്രവൃത്തികൾ 22:16; 1 കൊരി. 12:13)?
   c. പൗലൊസ് ഈ സമയത്ത് എത്ര കാലം പ്രസംഗിച്ചിട്ടുണ്ട് (ഗലാ. 1:17, 18)?
3. **പുതിയ നിയമത്തിൽ പതിനൊന്നു പ്രാവശ്യം "ചേരുക" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ഈ വാക്യങ്ങളിൽ ഒരിക്കലും സഭയിൽ ചേരുന്നതായി പറഞ്ഞിട്ടില്ല എന്നു തെളിയിക്കുക (മത്താ. 19:6; മർക്കൊ. 10:9; ലൂക്കൊ. 15:15; പ്രവൃത്തികൾ 5:13, 36; 8:29; 9:26; 18:7; 1 കൊരി. 6:16, 17; എഫെ. 5:31).**

**സഭാംഗത്വം ദൈവികമായ ഒരു അവകാശമാണ്**

1. **സഭയോടു ചേർക്കുന്നതു ആർ? (പ്രവൃത്തികൾ 2:41, 47)? എപ്പോഴാണ് ദൈവം ഈ ആളുകളെ സഭയോടു ചേർക്കുന്നതു (പ്രവൃത്തികൾ 2:38, 41, 47)?**

**2. ശരീരത്തിൽ അവയവങ്ങളെ വെക്കുന്നതു ആർ (1 കൊരി. 12:18)?**

a. എന്നാൽ എന്താണ് ശരീരം (1 കൊരി. 12:27; കൊലൊ. 1:18)?

b. എപ്പോഴാണ് ദൈവം കൊരിന്ത്യരെ ശരീരത്തിൽ വെച്ചത് (1 കൊരി. 12:13)?

c. രക്ഷിക്കപ്പെട്ട എല്ലാവരേയും സഭയോടു ചേർക്കുന്നതു ആർ (പ്രവൃത്തികൾ 2:41, 47)?
ഒരാളെ ചേർത്തശേഷം, അയാൾ മറ്റൊന്നിൽ ചേർന്നാലോ (മത്തായി 15:13)?

**ദൈവം രക്ഷിക്കപ്പെട്ട എല്ലാവർക്കും അംഗത്വം നല്കുന്നു**__________

**1. "സഭ" എന്ന വാക്കിന്റെ അർത്ഥം എന്ത്?** "വിളിക്കപ്പെട്ടവർ." ഒരാളെ സുവിശേഷത്താൽ വിളിക്കുമ്പോൾ, അയാൾ എന്താകുന്നു (2 തെസ. 2:14; 1:1)?

**2. വീണ്ടെടുക്കപ്പെട്ട എല്ലാവരും ആരിലാണ് (എഫെ. 1:7; കൊലൊ. 1:14)?**

a. എപ്പോഴാണ് ഒരാൾ വീണ്ടെടുക്കപ്പെടുന്നത് (ഗലാ. 3:26, 27)?

b. എന്നാൽ സ്നാനം ഏറ്റവരെ ദൈവം എന്തു ചെയ്യും (പ്രവൃത്തികൾ 2:41, 47)?
അപ്പോൾ വീണ്ടെടുക്കപ്പെട്ട എല്ലാവരും സഭയിൽ അംഗങ്ങളല്ലേ?

**3. നിരപ്പിലെത്തിയവരെല്ലാം ആരിൽ ആണ് (2 കൊരി. 5:18)?**

a. എന്തിലാണ് ദൈവം യെഹൂദന്മാരെയും ജാതികളെയും നിരപ്പിക്കുന്നത് (എഫെ. 2:15, 16)?

b. എന്നാൽ എന്താണ് ക്രിസ്തുവിന്റെ ശരീരം (എഫെ. 1:22, 23; കൊലൊ. 1:18)?

c. എല്ലാവരും ക്രിസ്തുവിന്റെ ശരീരത്തിൽ എങ്ങനെ പ്രവേശിക്കും (1 കൊരി. 12:13)?
അപ്പോൾ നിരപ്പിലായ എല്ലാവരും സഭയിലെ അംഗങ്ങളല്ലേ?

**4. എന്താണ് ദൈവത്തിന്റെ ആലയം (1 തിമൊ. 3:15)?**

a. പ്രവൃത്തികൾ 16:31, 32; 1 കൊരി. 1:16; എബ്രാ. 11:7 ൽ "ആലയം" എന്നാൽ എന്താണർത്ഥം?

b. അപ്പോൾ, പിന്നെ എന്താണ് 1 തിമൊ. 3:15 ലെ "ദൈവാലയം"?

c. ദൈവത്തിനു തന്റെ ഭവനത്തിനു പുറത്തു, അല്ലെങ്കിൽ "ആലയത്തിനു" പുറത്തു മക്കൾ ഉണ്ടോ?

d. സഭ ദൈവത്തിന്റെ ഭവനം ആകയാൽ, രക്ഷിക്കപ്പെട്ടവരെല്ലാം അവന്റെ ഭവനത്തിൽ അല്ലേ?
അപ്പോൾ, അതു തെളിയിക്കുന്നത്, രക്ഷിക്കപ്പെട്ട എല്ലാവരും അവന്റെ സഭയിൽ ആണെന്നാണ്.

e. ഒരാൾ ഭൗതിക കുടുംബത്തിലേക്കു "ചേരുകയാണോ" അതോ, ജന്മാവകാശത്താൽ പ്രവേശിക്കുന്നതാണോ?

f. ദൈവഭവനത്തിലേക്കു ഒരാൾ ജനിക്കുന്നത് എപ്പോൾ (യോഹ. 3:5)?

g. അപ്പോൾ, എപ്പോഴാണ് ഒരാൾ ദൈവഭവനമായ, സഭയിൽ അംഗമായി തീരുന്നത്?

**പ്രധാന ചോദ്യം**______________________________________________

1. **പെന്തെക്കൊസ്തു നാളിൽ ആളുകൾ എന്തന്വേഷണമാണ് നടത്തിയത് (പ്രവൃത്തികൾ 2:37)?**
   a. രക്ഷിക്കപ്പെടുവാൻ അവർ എന്തു ചെയ്യണം എന്നാണ് അവരോടു പറഞ്ഞത് (പ്രവൃത്തികൾ 2:38)?
   b. എന്തുകൊണ്ടു അവരോടു സഭയിൽ ചേരുവാൻ പറഞ്ഞില്ല (പ്രവൃത്തികൾ 2:41, 47)?
2. **പശ്ചാത്തപിച്ച ശൗൽ യേശുവിനോടു ചോദിച്ചത് എന്ത് (പ്രവൃത്തികൾ 9:6)?**
   a. അന്വേഷണത്തിനു ലഭിച്ച മറുപടി എന്തായിരുന്നു (പ്രവൃത്തികൾ 9:6, 18; 22:16)?
   b. എന്തുകൊണ്ടു അവനോടു സഭയിൽ ചേരുവാൻ ആവശ്യപ്പെട്ടില്ല (പ്രവൃത്തികൾ 2:41, 47)?
3. **കാരാഗൃഹപ്രമാണി ചോദിച്ചത് എന്ത്? അവനോടു എന്തു ചെയ്യുവാൻ പറഞ്ഞു (പ്രവൃത്തികൾ 16:30-34)?**
   ആ അനുസരണം അവനെ എന്തിൽ അംഗത്വം ഉള്ളവനാക്കി തീർത്തു (ഫിലി. 1:1; 4:15)?
4. **അതുകൊണ്ടു, എന്താണ് പരിഹരിക്കേണ്ട പ്രധാന ചോദ്യം (പ്രവൃത്തികൾ 16:30)?**

© 2009 Truth for Today